ഉത്തരം

(എ) സമൂഹത്തിലെ ദുർബല വിഭാഗത്തിലെ സ്ത്രീകളുടെയിടയിലെ പ്രസവം ആശുപത്രികളിൽ വച്ചു തന്നെ ഉറപ്പാക്കാൻ വേണ്ടിയുള്ള കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ് ജനനീ സുരക്ഷാ യോജന. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായാണ് ഈ പരിപാടി നടപ്പിൽ വന്നു തുടങ്ങിയത്.

പത്തൊൻപത് വയസ്സിന് മുകളിൽ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയുംപ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു.

- ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ
- നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ
- വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ
- അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

(ബി) ജനനീ സുരക്ഷാ പദ്ധതിക്കായി 2009-10 സാമ്പത്തിക വർഷത്തിൽ 11.61 കോടി രൂപ 1,34,974 പേർക്കായി ചെലവഴിച്ചു. 2010-11-ൽ 2.47 കോടി രൂപ 22,697 പേർക്കായി ചെലവഴിച്ചു.

(സി) വയനാട് ജില്ലയിൽ 2009-10-ൽ 0.59 ലക്ഷം രൂപ 19,086 പേർക്കായി ചെലവഴിച്ചു. 2010-11-ൽ 0.14 ലക്ഷം രൂപ 1981 പേർക്കായി ചെലവഴിച്ചു.

സാമൂഹ്യ സുരക്ഷാ മിഷൻ

71 (6229) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷനാവശ്യമായ ഫണ്ട് എവിടെനിന്നെല്ലാമാണ് ലഭിക്കുന്നത് ; എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുകയുടെ വിനിയോഗത്തിന് മാർഗരേഖ നിശ്ചയിച്ചിട്ടുണ്ടോ ; .എങ്കിൽ വിശദമാക്കുമോ ;

(സി) ഈ ചുമതലകൾ നിർവ്വഹിക്കാൻ ഏതൊക്കെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട് ; തസ്തികയും നിയമന വ്യവസ്ഥയും ശമ്പളവും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും കോർപ്പസ് ഫണ്ടും പ്ലാൻ ഫണ്ടിൽ നിന്നുള്ള വിഹിതവും അനുവദിച്ചിട്ടുണ്ട്. കോർപ്പസ് ഫണ്ടായി 65 കോടി രൂപയും 2008-09, 2009-10 വർഷങ്ങളിലെ സർക്കാർ പ്ലാൻ ഫണ്ടിൽനിന്നും വൈകല്യ നിർണ്ണയ സർട്ടിഫിക്കറ്റ് വിതരണത്തിനായി 3 കോടി രൂപയും ക്യാൻസർ സുരക്ഷാ പദ്ധതിക്ക് വേണ്ടി 3.6 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഡിസെബിലിറ്റി കമ്മീഷണറിൽ നിന്നും 8,40,000 രൂപയും യൂണിസെഫിൽ നിന്നും 7,09,000 രൂപയും ലഭിച്ചിട്ടുണ്ട്.

(ബി) കേരളാ സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിന്റെ വിനിയോഗത്തിന് മാർഗ്ഗ രേഖയായി ബൈലായ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ കണക്ക് എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഗവേണിംഗ് ബോഡിയുടേയും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായിട്ടാണ് തുക വിനിയോഗിക്കുന്നത്.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിർവ്വഹിക്കുന്നതിന് ചുവടെ പറയുന്ന ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

ഉദ്യോഗസ്ഥന്റെ പേര്	തസ്തിക	നിയമന രീതി	ശമ്പളം
(1)	(2)	(3)	(4)
1. റൊസാരിയോ എഡിസണത്ത്	റീജിയണൽ ഡയറക്ടർ (എക്സിക്യൂട്ടീവ് ഡയറക്ടർ-ഇൻ-ചാർജ്)	കരാർ	33,970- (സമാഹൃത ശമ്പളം)
2. ഡോ. മിനി നായർ	റീജിയണൽ ഡയറക്ടർ	ഡെപ്യൂട്ടേഷൻ	10790-18000
3. എൽ. രാജൻ	അഡ്.കം. അക്കൗണ്ട്സ് ഓഫീസർ	"	10790 -18000
4. എസ്. ശ്രീരഞ്ജിനി	പ്രോഗ്രാം കോ-ഓർഡിനേറ്റർ	"	8390-13270
5. ചന്ദ്രമോഹനൻ	പ്രോഗ്രാം കോ-ഓർഡിനേറ്റർ	"	10790-18000
6. ഷാജി.എസ്.	പ്രോഗ്രാം കോ-ഓർഡിനേറ്റർ	കരാർ "	17500- (സമാഹൃത ശമ്പളം)

LIBRARY ARCHIVES Kerala Legislative Assembly